# കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ

## പശ്ചിമകൊച്ചി സിഡിഎസ്



ഒരുപാടു ചരിത്രസ്മരണകൾ നിലനിൽക്കുന്നതും തനതായ സംസ്കാരവും പൈതൃകവും പ്രകൃതിരമണീയമായ ദൃശ്യങ്ങളും സൗധങ്ങളും നാനാത്വത്തിൽ ഏകത്വവും ആണ് കൊച്ചിയെ മറ്റു നാടുകളിൽ നിന്നും എന്നും വേറിട്ട നഗരം ആക്കുന്നത്. മട്ടാഞ്ചേരി ,ഫോർട്ട് കൊച്ചി ,പള്ളുരുത്തി ,പെരുമ്പടപ്പ് ...തുടങ്ങിയ ചരിത്രപ്രാധാന്യമുള്ള ഏടുകളും കൊച്ചിൻ കാർണിവൽ, കൊച്ചി-മുസിരിസ് ബിനാലെ, പുലവാണിഭം തുടങ്ങി രാജ്യാന്തര പ്രശസ്തമായ പലതിനും സാക്ഷിയാകുന്ന നഗരം. അറബി കടലിൻറെ റാണിയായ കൊച്ചിയുടെ ടെ ചരിത്ര വഴികളിലൂടെയുള്ള  സഞ്ചാരം കൊല്ലവർഷം ഷം 516 മുതൽ ലഭ്യമാണ്. പോർച്ചുഗീസ്- ഡച്ച്- ബ്രിട്ടീഷ് അധിനിവേശ

ത്തിൻറെ കഥ പറയുന്ന ഫോർട്ട് കൊച്ചിയും സുഗന്ധവ്യഞ്ജനങ്ങളുടെ സൗരഭ്യം ഇന്നും തങ്ങി നിൽക്കുന്ന മട്ടാഞ്ചേരിയുടെ തെരു വീഥികളും രാജ ഭരണത്തിൻറെ സ്മരണകൾ നിറയുന്ന മട്ടാഞ്ചേരി പള്ളുരുത്തി പ്രദേശങ്ങളും ഉൾക്കൊള്ളുന്ന കൊച്ചിയിലൂടെ യുള്ള സഞ്ചാരം നമ്മുടെ മനസ്സുകളിൽ ആര്യ ദ്രാവിഡ സംസ്കാരത്തിൻറെ അലയൊലികൾ നിറയ്ക്കുന്നു.ഈ ചരിത്ര നഗരത്തിൽ പഴമയുടെ ഗന്ധവും സംസ്കാരത്തിൻറെ പ്രൗഢിയും തെളിമയും ഇന്നും ഒളിമങ്ങാതെ തിളങ്ങി നിൽക്കുന്നു .

1997 ൽആരംഭിച്ച ച ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഡോക്ടർ എം എസ് വിജയൻ ഐഎഎസ് നേതൃത്വത്തിലുള്ള ഉള്ള കമ്മിറ്റിയാണ് ദാരിദ്ര്യനിർമാർജനം എന്ന എന്ന മഹാ യജ്ഞത്തിന് തുടക്കമിട് 1997 ബജറ്റിൽ കുടുംബശ്രീ എന്ന ആശയം മുന്നോട്ടു വെച്ചത് . അന്ന് മുതൽ ഇന്ന് 22 വർഷം വരെ കുടുംബശ്രീ പ്രവർത്തനങ്ങൾ അതിൻറെ തനിമയോടെ  മുന്നോട്ടുപോകുന്നു. .2004 ഏപ്രിൽ മാസത്തിലാണ് കൊച്ചി സി ഡി എസ് രണ്ടായി വിഭജിച്ച് പശ്ചിമകൊച്ചി സിഡിഎസ് ആയി  ഫോർട്ടുകൊച്ചിയിൽ പ്രവർത്തനമാരംഭിച്ചത് .ശ്രീമതി ലൈല ദാസ് ആണ്  പശ്ചിമ കൊച്ചിയുടെ ആദ്യ സിഡിഎസ് ചെയർപേഴ്സൺ. നിലവിൽ ആറാമത്തെ ചെയർപേഴ്സൺ ആയ ശ്രീമതി ജാൻസി ജോസഫ് ആണ് അമരക്കാരി.

## <u>പശ്ചിമകൊച്ചി സിഡിഎസ് ഒറ്റനോട്ടത്തിൽ</u>

- ആകെ ഡിവിഷനുകൾ -28
- ആകെ അയൽക്കൂട്ടങ്ങൾ -1651
- ആകെ അംഗങ്ങൾ -28067
- ആകെ വയോജന അയൽക്കൂട്ടങ്ങൾ -28
- ആകെ ബാല സഭകൾ -136
- ആകെ സൂക്ഷ്മ സംരംഭങ്ങൾ -1328
- ആകെ അഗതിരഹിത കുടുംബങ്ങൾ -214
- ആകെകോളിംഗ് ബെൽ അംഗങ്ങൾ -60
- ലിങ്കേജ് നേടിയ അയൽക്കൂട്ടങ്ങൾ -1360
- ലോൺ അപേക്ഷകൾ -1442
- ലോൺ തുക -165830000
- നൈപുണ്യ പരിശീലനം നേടിയവർ -560

തുടങ്ങി മാസ് ചന്ത, ഓഫീസ് മേള ,മറ്റു ഫെസ്റ്റിവൽ വിപണന ഭക്ഷ്യമേള കളും വിപുലമായി നടത്തിവരുന്നു

# കോവിഡ് പ്രവർത്തനങ്ങൾ

## ബ്രേക്ക്  ദേ ചെയിൻ ക്യാമ്പയിൻ

**കോവിഡ് 19 എന്ന മഹാമാരിയുടെ ആരംഭഘട്ടത്തിൽ തന്നെ എന്നെ ബ്രേക്ക്  ദേ ചെയിൻ ക്യാമ്പയിൻ സിഡിഎസ് ,എടിഎസ് തലത്തിൽ ആരംഭിക്കുവാൻ സാധിച്ചു. പല ബസ്സ്റ്റോപ്പുകളിലും ജംഗ്ഷനുകളിലും എഡി എസ്സിൻറെ നേതൃത്വത്തിൽ ബ്രേക്ക് ഡാ ചെയിൻ ക്യാമ്പയിനുകൾ നടന്നുവരുന്നുണ്ട് ..**





# കമ്യൂണിറ്റി കിച്ചൻ

**കോവിഡ് 19 ലോക ഡൗൺ സമയത്ത് സിഡി എസി ൻ റെയും കോർപ്പറേഷൻ റെയും നേതൃത്വത്തിൽ മാർച്ച് 31 മുതൽ ഫോർട്ടുകൊച്ചി ഇരുവേലി -നമ്മുടെ അടുക്കള , ഫോർട്ട് കൊച്ചി വെളി -തനിമ ജനകീയ കിച്ചൻ, പള്ളുരുത്തി -പുതുമ ജനകീയ അടുക്കള ...എന്നീ പേരുകളിൽ ജനകീയ ഹോട്ടലുകൾ ആരംഭിച്ചു .ഇവിടെനിന്നും 14000ത്തോളം സൗജന്യ ഭക്ഷണപ്പൊതികളും1435 ഭക്ഷണപ്പൊതികൾ 20 രൂപ നിരക്കിൽ കൊടുക്കുവാൻ സാധിച്ചു .കോർപ്പറേഷ ൻ റെ നേതൃത്വത്തിൽ നടത്തിയിരുന്ന കമ്യൂണിറ്റി കിച്ചണിൽ കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിലാണ് പാചകവും പാക്കിങ്ങും നടന്നത്.**









# <u>അഗതി രഹിത കേരളം പദ്ധതി</u>

**അഗതി രഹിത കേരളം പദ്ധതി പ്രകാരം 214 അംഗങ്ങളുള്ള സിഡിഎസ്സ് ഇൽ നാല് ആർ പിമാർ മുഖേന 60 വയസ്സിന് മുകളിലുള്ള എല്ലാ അംഗങ്ങളെയും നാലു തവണ ഫോണിൽ ബന്ധപ്പെട്ട് സ്ഥിതിഗതികൾ വിലയിരുത്തുകയും അവർക്കാവശ്യമായ ഭക്ഷണ പൊതികളും മരുന്നുകളും സിഡിഎസ് മെമ്പർമാർ ,ഡിവിഷൻ കൗൺസിലർമാർ ആശാവർക്കർമാർ എന്നിവർ മുഖേന എത്തിച്ചു കൊടുക്കുവാനും അവർക്ക് അ സാന്ത്വനം പകരാനും സാധിച്ചു..**



# ബാലസഭാ

ബാലസഭാ കുട്ടികൾക്കായുള്ള കോവിഡ് 19 ലോക ഡൗൺ ഷോർട്ട് ഫിലിം മത്സരത്തിൽ ഞാനും എൻറെ മുത്തശ്ശിയും എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ വീഡിയോകൾ ജില്ലാതല മത്സരത്തിനായി തിരഞ്ഞെടുത്ത അയച്ചു.



അയൽക്കൂട്ട അംഗങ്ങൾക്ക് ആയുള്ള സൈബർ അരങ്ങ് മത്സരത്തിൽ സിനിമാഗാനം, കവിതാരചന എന്നീ മത്സരങ്ങളിൽ അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായി .

കോവിഡ് 19 ഭീഷണി നിലനിൽക്കുന്ന ഈ സമയത്ത് തീർത്തും ഒറ്റപ്പെട്ടുപോയ കോളിംഗ് ബെൽഗുണഭോക്താക്കളെ സിഡിഎസ് മെമ്പർമാർ സിഡിഎസ് അക്കൗണ്ടന്റ് കമ്മ്യൂണിറ്റി കൗൺസിലർമാർ എന്നിവർ ഫോണിൽ ബന്ധപ്പെടുകയും ആശ്വസിപ്പിക്കുകയും അവർക്ക് വേണ്ട സാമ്പത്തിക സഹായങ്ങളും നൽകുകയുണ്ടായി.

കോവിഡ് കാലത്ത് കുടുംബശ്രീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അറിയിപ്പുകൾ താഴെത്തട്ടിൽ എത്തിക്കുന്നതിനായി സി ഡി എസ് എസ് തലത്തിൽ പൊതു സഭാ വാട്സപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു

വിവിധ തയ്യൽ യൂണിറ്റുകളിൽ നിന്ന് ജില്ലാ മിഷൻ വിവിധ സന്നദ്ധ സംഘടനകൾ മെഡിക്കൽ ഷോപ്പുകൾ ആശുപത്രികൾ പോലീസ്

സ്റ്റേഷനുകൾ എന്നിവിടങ്ങളിലേക്ക് തുണി മാസ്കുകൾ തയ്യാറാക്കി എത്തിച്ചു കൊണ്ടിരിക്കുന്നു .ഡിവിഷൻ ആറിലെ സംരംഭക സാനിടൈസറും ഡിവിഷൻ 1,26 സംരംഭകർ ഹാൻ വാഷ് ഓർഡർ പ്രകാരം തയ്യാറാക്കി നൽകിവരുന്നു ..

കുടുംബശ്രീ അംഗങ്ങളുടെ അയൽക്കൂട്ടം സമ്പാദ്യത്തിൽ നിന്നും നിശ്ചിത തുക എടുത്തു അതാത് ഗ്രൂപ്പിലെ അംഗങ്ങൾക്കും ഡിവിഷനിലെ അഗതികൾക്കും വയോജന അയൽക്കൂട്ടങ്ങളും ശുചീകരണ തൊഴിലാളികൾക്കും അവശ്യവസ്തുക്കൾ അടങ്ങിയ കിറ്റുകൾ എത്തിച്ചു നൽകി കൂടാതെ എംപി എംഎൽഎ കോർപ്പറേഷൻ മേയർ തുടങ്ങിയവരുടെ ഫണ്ടിൽനിന്നും വകയിരുത്തിയ തുകകൊണ്ട് വാങ്ങിയഅവശ്യ വസ്തുക്കൾ അടങ്ങിയ കിറ്റ് അർഹതപ്പെട്ട അംഗങ്ങൾക്ക് അയൽക്കൂട്ടങ്ങൾ വഴി നൽകാൻ സാധിച്ചു.



**ഡിവിഷൻ 17ലെ എഡി എസ്സിൻറെ നേതൃത്വത്തിൽ മട്ടാഞ്ചേരി ഗവൺമെൻറ് സെൻറ് വുമൺ ആൻഡ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ ലിൽ നൽകിവരുന്ന സൗജന്യ ഭക്ഷണ വിതരണം കോവിഡ് കാലത്തും മുടക്കം കൂടാതെ നടത്തി വരാൻ സാധിച്ചു**



**ജില്ലാ മിഷൻ റെ നേതൃത്വത്തിൽ സിഡിഎസ് നടത്തിയ പരിപാടികൾ**

- **ഞാനും എൻറെ മുത്തശ്ശിയും**- ഡിവിഷൻ തലത്തിൽ ബാലസഭാ കുട്ടികളുടെ നേതൃത്വത്തിൽ ഷോർട്ട് ഫിലിം മത്സരം നടത്തുകയും മികച്ചത് ബ്ലോക്ക് തലത്തിലേക്ക് തിരഞ്ഞെടുത്തു അയക്കുകയും ചെയ്യു
- **സൈബർ അരങ്ങ്**- അയൽക്കൂട്ട അംഗങ്ങൾക്ക് ആയുള്ള സൈബർ അരങ്ങ് മത്സരത്തിൽ സിനിമാഗാനം ,കവിതാരചന എന്നീ മത്സരങ്ങളിൽ അംഗങ്ങളുടെ മികച്ച പങ്കാളിത്തം ഉണ്ടായി.
- **എൻറെ കുടുംബശ്രീ** -കുടുംബശ്രീ പ്രവർത്തനങ്ങളെ കുറിച്ചും കുടുംബശ്രീയിൽ വന്നതിനു ശേഷം അവരുടെ ജീവിതത്തിലുണ്ടായ മാറ്റത്തെ കുറിച്ചുള്ള വീഡിയോ ആർട്ടിക്കിളും അയക്കുകയുണ്ടായി
- .**ഫേസ്ബുക്ക് കൂട്ടായ്മ**-എറണാകുളം ജില്ലാ മിഷൻറെ ഫെയ്സ്ബുക്ക് കൂട്ടായ്മയിൽ അംഗങ്ങളെ ഫോളോവേഴ്സ് ആക്കാൻ സാധിച്ചു
- **സൈബർജാലകം**- സൈബർ ജാലകം വഴി 3291 അംഗങ്ങൾ ഓൺലൈൻ വഴി അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുത്തു.
- **സന്നദ്ധ സേന**യിൽ അംഗങ്ങൾ രജിസ്ട്രേഷൻ നടത്തി വരുന്നു

- **വലിയ ലോകവും ചെറിയ കുട്ടികളും** ഓൺലൈൻ ക്വിസ് മത്സരത്തിൽ വിവിധ ബാല സഭകളിലെ കുട്ടികൾ പങ്കെടുത്തു

: **<u>വെല്ലുവിളികൾ</u>** 1328 ഓളം സൂക്ഷ്മ സംരംഭങ്ങൾ ഉള്ള സിഡി എസിലെ ഭൂരിഭാഗം സംരംഭങ്ങൾക്കും കൊറോണ ലോക ഡൗൺ ദിനങ്ങൾ നിരാശാജനകമായിരുന്നു. പ്രളയക്കെടുതി യിൽ പെട്ടവർക്ക് ആതിഥേയർ ആയിരുന്ന കൊച്ചിക്കാർ പ്രളയ കെടുതികൾ അതിജീവിച്ച് പുതിയ പ്രതീക്ഷകൾ കെട്ടിപ്പടുക്കുന്നതിന് ഇടയിലാണ് കേട്ടുകേൾവി മാത്രമായിരുന്ന കോവിഡ് എന്ന മഹാമാരി ലോകത്തെയാകെ പിടിച്ചുലക്കുന്നത്.. ..ലോകത്തിൻറെ സാമ്പത്തിക-സാമൂഹിക വികസനത്തിന് കടിഞ്ഞാണിട്ട് മാർച്ച് മാസത്തിൻറെ അവസാനത്തോടെയാണ് ഇനി മുതൽ നമുക്ക് സാമൂഹിക അകലവും പകുതി മുഖവും മാത്രം മതിയെന്ന് തീരുമാനിച്ചു നമ്മെ ഒറ്റപ്പെടുത്തുന്നത്... ഇതിനിടെ സാമ്പത്തിക വിനിമയങ്ങൾ ഡിജിറ്റൽ ആവുകയും സാധാരണക്കാർക്ക് അപ്രാപ്യം ആവുകയും ചെയ്തു. ലോക്ക് ടൗൺ തുടങ്ങിയതോടെ അവശ്യസാധനങ്ങളുടെ ലഭ്യത കുറയും നമ്മുടെ സംരംഭകരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ ആവാതെ വൻ സാമ്പത്തിക നഷ്ടം നേരിടുകയും തുടർന്നു പ്രവർത്തിക്കാൻ ആവാത്ത സാഹചര്യവും ആണ് നിലവിലുള്ളത്..

സാധാരണക്കാരും ഒരു മുതിർന്ന വരുമായ അംഗങ്ങൾക്ക് സാമൂഹ്യ മാധ്യമങ്ങൾ, ഓൺലൈൻ ഉപയോഗങ്ങൾ എന്നിവയിലുള്ള അജ്ഞത ലോക ഡൗൺ സമയത്ത് സമയത്ത് സി ഡി എസ് ഇൻറെ പ്രവർത്തനങ്ങളും തീരുമാനങ്ങളും താഴെത്തട്ടിൽ എത്തിക്കുന്നതിന് തടസ്സം നിന്നിരുന്നു.. **..**

**<u>ഉപസംഹാരം</u>**

കുടുംബശ്രീ എന്ന് എന്ന മഹാ പ്രസ്ഥാനത്തിൻറെ ചിറകിൻ കീഴിൽ സാമ്പത്തിക സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കി നിലനിൽക്കുന്ന ലക്ഷക്കണക്കിന്സ്ത്രീകളുടെ ഒരുമയും മനോധൈര്യവും മാത്രം മതി ഈ കാലഘട്ടത്തിൽ നാം നേരിടുന്ന കോവിഡ് എന്ന മഹാമാരിയെ യെ ആട്ടിയകറ്റി പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരാൻ.................

***ഭയമല്ല അല്ല ജാഗ്രതയാണ് വേണ്ടത്***

**ഡാനി വർഗീസ്**

**DDUGKY&SD BC**

**9020651322**

**JANCY JOSEPH**

**CDS CHAIRPERSON**

**9037114503**